MAR REMIGIOSE INCHANANIYIL
Bishop of Thamarassery

സർക്കുലർ 22/2025

## ഒക്ടോബർ മാസം
## ജപമാല ഭക്തി

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സമർപ്പിതരേ, സഹോദരിസഹോദരന്മാരേ, പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

ആത്മീയ ഉണർവിന്റെയും കുടുംബ നവീകരണത്തിന്റെയും വ്യക്തിപരമായി ദൈവത്തെ കണ്ടുമുട്ടുന്ന കൃപയുടെയും ജീവിതവിശുദ്ധിയുടെയും സമയമാണ് ജപമാല മാസമായ ഒക്ടോബർ. സഭയുടെ ആത്മീയ സമ്പന്നതയായ വിശുദ്ധാത്മാക്കളിൽ പ്രഥമസ്ഥാനിയും ലോകത്തിന്റെ അമ്മയുമായ പരിശുദ്ധ കന്യകാമറിയത്തിലൂടെ സഭയിലും സമൂഹത്തിലും കുടുംബങ്ങളിലും വ്യക്തിപരമായും, ക്രിസ്തു അനുഭവം തൊട്ടറിയുന്ന ജപമാല ഭക്തിയിലേക്ക് എല്ലാവരേയും സ്നേഹത്തോടെ ക്ഷണിക്കുന്നു. "സകല തലമുറകളും എന്നെ ഭാഗ്യവതി എന്ന് പ്രകീർത്തിക്കും" (ലൂക്ക 2,46) എന്ന പരിശുദ്ധ അമ്മയുടെ പ്രവചനത്തിന്റെ പൂർത്തീകരണവും സാക്ഷ്യവുമാണ് ജപമാല ഭക്തിയിലൂടെ സംഭവിക്കുന്നത്. അത്ഭുതങ്ങളുടെയും സൗഖ്യത്തിന്റെയും കലവറ തുറക്കപ്പെടുന്നതും വിശ്വാസത്തിലും സ്നേഹത്തിലും നിലനിൽക്കാനുള്ള കൃപ സമൃദ്ധമായി വർഷിക്കപ്പെടുന്നതും ജപമാല പ്രാർഥനയിലൂടെ നമുക്ക് അനുഭവിക്കാനാകും. പരിശുദ്ധ സഭയുടെ ജൂബിലി വത്സരത്തിലും മലബാർ കുടിയേറ്റത്തിന്റെ ശതാബ്ദിവേളയിലും നമ്മുടെ രൂപതാ സ്ഥാപനത്തിന്റെ നാല്പതാം വാർഷികാഘോഷങ്ങളിലും ഒക്ടോബർ മാസത്തെ ജപമാല ഭക്തി ആത്മീയവിരുന്നായി ആസ്വദിക്കാൻ ഏവർക്കും സാധിക്കട്ടെയെന്ന് പ്രാർഥിക്കുന്നു.

ജപമാല ഭക്തിയുടെ പ്രചാരണത്തിന്റെ ചരിത്രപരമായ കാരണം നമ്മുടെ ഓർമ്മയിൽ ഉണ്ടല്ലോ. യൂറോപ്പിനേയും അതുവഴി റോമിനെയും കീഴടക്കുക എന്ന ലക്ഷ്യത്തോടെ 1571 ൽ തുർക്കികൾ സൈനീക നീക്കം നടത്തി. ദൈവാലയങ്ങൾ നശിപ്പിച്ചും വിശ്വാസികളെ കൊന്നൊടുക്കിയും മുന്നേറിയ തുർക്കികളെ, പീയൂസ് അഞ്ചാമൻ മാർപാപ്പയുടെ ആഹ്വാനത്തെ തുടർന്ന് ഇറ്റലി, ഫ്രാൻസ്, സ്പെയിൻ എന്നീ ക്രൈസ്തവ രാഷ്ട്രങ്ങൾ സംയുക്തമായി നേരിട്ടു. യൂറോപ്പിനെ തുർക്കികളിൽ നിന്ന് രക്ഷിക്കാനായി ഒക്ടോബർ ഒന്ന് മുതൽ പത്ത് ദിവസം തുടർച്ചയായി ജപമാല ചൊല്ലി പ്രാർഥിക്കാൻ മാർപാപ്പ ആവശ്യപ്പെടുകയും ചെയ്തു. ഒക്ടോബർ ഏഴിന് യുദ്ധവിജയത്തിന്റെ വാർത്ത എത്തുകയും ജപമാലരാജ്ഞിയായ വിജയമാതാവിന്റെ തിരുനാളായി പ്രസ്തുത ദിവസം പരിശുദ്ധ പിതാവ് പ്രഖ്യാപിക്കുകയും ക്രമേണ, ലോകമെങ്ങും ജപമാല ഭക്തി പ്രചരിക്കുകയും ചെയ്തു. ഒക്ടോബർ മാസം ജപമാല മാസമായി ഔദ്യോഗികമായി പ്രഖ്യാപിച്ചത് ലെയോ പതിമൂന്നാമൻ മാർപാപ്പയാണ്.

Bishop's House, P .B. No. 1, Thamarassery P.O., Kozhikode - 673 573, Kerala, India
Phone : +91 495 2223376, Mob : +91 9400088376
Web: www.dioceseofthamarassery.org
Email : remigiusm@hotmail.com, diocesetmy09@gmail.com

മതപീഡനങ്ങളുടെയും വിശ്വാസ - ആചാര നിയന്ത്രണങ്ങളുടെയും കുടുംബത്തകർച്ചകളുടെയും വർത്തമാനകാല ചുറ്റുപാടിൽ ജപമാലയാണ് നമ്മുടെ അതിജീവനമാർഗം. നമുക്ക് കവചം ഒരുക്കുന്നത് പരിശുദ്ധ അമ്മയുടെ സ്വർഗ്ഗീയ മാധ്യസ്ഥ്യമാണ്. തിൻമയുടെ ബന്ധനങ്ങളിൽ കഴിയുന്നവരെ രക്ഷിക്കാൻ വിശ്വാസത്തോടും ത്യാഗത്തോടും കൂടിയ ജപമാല പ്രാർഥനയ്ക്ക് കഴിയും. ദിവസവും ജപമാല ചൊല്ലി സമർപ്പിക്കുന്നവർ ഒരിക്കലും വഴി തെറ്റിപ്പോകില്ലെന്ന് വിശുദ്ധ ലൂയി മോൺഫോർട്ട് പഠിപ്പിക്കുന്നുണ്ട്.

നമ്മുടെ കുടുംബങ്ങളിൽ സജീവമായ ക്രൈസ്തവജീവിതവും പ്രാർഥനാനുഭവവും വിശ്വാസവും പ്രകടമാകുന്ന അവസരമാണല്ലോ ജപമാല മാസാചരണം. ജപമാലയിലെ ഓരോ രഹസ്യവും ജപമണിയും, കുടുംബത്തിനും സൗഹൃദങ്ങൾക്കും നിയോഗങ്ങൾക്കും വേണ്ടി നമ്മുടെ പ്രാർഥന ഒഴുകിയിറങ്ങുന്ന നിമിഷങ്ങളാണ്. ക്രിസ്തു സംഭവത്തിലൂടെയുള്ള ധ്യാനാത്മകമായ യാത്ര, നമ്മുടെ ജീവിത വഴികളെ വിശ്വാസനയനങ്ങളിലൂടെ ദർശിക്കാനും ദൈവേഷ്ടത്തിന് സ്വയം സമർപ്പിക്കാനും പ്രാപ്തരാക്കുന്നു. പുതുതലമുറയ്ക്ക് വിശ്വാസപരിശീലനത്തിന്റെ അനുഭവപാഠങ്ങൾ സ്വന്തമാക്കാൻ ജപമാല കേന്ദ്രീകൃതമായ സന്ധ്യാ പ്രാർഥനകൾവഴി സാധിക്കും. ഓർമ്മവെയ്ക്കുന്ന കാലം മുതൽ മക്കളുടെ മനസ്സിൽ നിറയുന്ന പ്രാർഥനയും അവർക്ക് എല്ലാ പ്രതിസന്ധികളിലും ആശ്രയവും ജപമാലയായി മാറണം.

കാനായും കാൽവരിയും ജീവിതത്തിന്റെ രണ്ട് യാഥാർഥ്യങ്ങളാണ്. പരിശുദ്ധ അമ്മയുടെ സാന്നിധ്യം രണ്ടിടത്തും കരുതലും കൃപയും വർഷിച്ചു. കാനാ അനുഭവങ്ങളിൽ തങ്ങിനിൽക്കാതെ കാൽവരി ചിന്തകളിൽ നടന്നുനീങ്ങാൻ ജപമാല നമ്മെ ശക്തരാക്കും. കഷ്ടതകളുടെയും അനിഷ്ട ങ്ങളുടെയും മധ്യത്തിൽ ജീവിതത്തിൽ നിന്ന് ഓടിയൊളിക്കാതെ സധൈര്യം അവയെ നേരിടാൻ കന്യകാമറിയത്തെപ്പോലെ ദൈവഹിതം സ്വീകരിക്കുന്ന വർക്ക് സാധിക്കുമെന്ന് പരിശുദ്ധപിതാവ് ലെയോ പതിന്നാലാമൻ മാർപാപ്പ പഠിപ്പിക്കുന്നുണ്ട് (Homily: 2025 Aug.15). കുടുംബജീവിതത്തിലും വിശ്വാസരംഗത്തും നാം അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ അതിജീവിക്കാൻ ജപമാല പ്രാർഥന നമുക്ക് ശക്തി പ്രദാനം ചെയ്യട്ടെ.

പാപികളുടെ മാനസാന്തരത്തിനും ലോകസമാധാനത്തിനും ജപമാല ചൊല്ലി പ്രാർഥിക്കാൻ ലൂർദ്ദിൽ പ്രത്യക്ഷപ്പെട്ട് ആവശ്യപ്പെട്ട പരിശുദ്ധ അമ്മ, ഫാത്തിമായിലെ പ്രത്യക്ഷീകരണത്തിൽ സ്വയം പരിചയപ്പെടുത്തിയത് ഞാൻ ജപമാല രാജ്ഞിയാണെന്നായിരുന്നു. ലോക സമാധാനത്തെ അപകടപ്പെടുത്തുന്ന സാഹചര്യങ്ങളിൽ നിന്നും തിന്മയുടെ കുത്തൊഴുക്കിൽനിന്നും സുരക്ഷ ഒരുക്കാൻ നമുക്ക് ജപമാല രാജ്ഞിയുടെ മാധ്യസ്ഥ്യം തേടുകയും ജപമാല പ്രാർഥനയിൽ ശരണം വെയ്ക്കുകയും ചെയ്യാം.

രൂപതയുടെ ആത്മീയ നവീകരണ കേന്ദ്രമായ ബഥാനിയായിൽ, അഖണ്ഡ ജപമാല സമർപ്പണം ഇരുപത്തിയഞ്ചാം വർഷത്തിലാണ്. ബഥാനിയായിലെ അഖണ്ഡ

Bishop's House, P .B. No. 1, Thamarassery P.O., Kozhikode - 673 573, Kerala, India
Phone : +91 495 2223376, Mob : +91 9400088376
Web: www.dioceseofthamarassery.org
Email : remigiusm@hotmail.com, diocesetmy09@gmail.com

ജപമാലയിലേക്ക് ഒരിക്കൽകൂടി ഞാൻ എല്ലാവരേയും ക്ഷണിക്കുന്നു. ഇടവകകളിൽ ആഘോഷമായ പത്ത് ദിവസത്തെ കൊന്തനമസ്ക്കാരവും കുടുംബകൂട്ടായ്മകളിലെ കൊന്തനമസ്ക്കാരവും ഒക്ടോബർ മാസം മുഴുവൻ എല്ലാ വീടുകളിലും നടക്കുന്ന ജപമാലയും നമ്മുടെ വിശ്വാസപാരമ്പര്യത്തിന്റെ പ്രഘോഷണമാണ്. പരിശുദ്ധ അമ്മ യുടെ മാധ്യസ്ഥതയിൽ ആത്മീയ ഉണർവുള്ളവരായി അനുഗ്രഹങ്ങൾ സ്വീകരിച്ച് പരിശുദ്ധസഭയുടെ ജൂബിലി വത്സരവും നമ്മുടെ രൂപതയുടെ നാല്പതാം വാർഷികവും അവിസ്മരണീയമാക്കാം.

യുഗാന്ത്യോന്മുഖമായ യാത്രയുടെ ഹൃദയസ്പർശിയായ വിചിന്തനമാണല്ലോ ഓരോ ജപമാല രഹസ്യവും. നമുക്ക് ഭക്തിയോടും തീക്ഷ്ണതയോടുംകൂടി കൊന്ത ചൊല്ലി നിയോഗങ്ങൾ സമർപ്പിച്ച് ജപമാല മാസമായ ഒക്ടോബറിൽ, അമ്മയ്ക്കൊപ്പം ക്രിസ്തുവിലേക്ക് യാത്ര ചെയ്യാം. ജപമാല ഭക്തിയിലൂടെ ചൈതന്യം നിറയുന്ന ദിവസങ്ങൾ എല്ലാവർക്കും ആശംസിക്കുന്നു.

ജപമാലരാജ്ഞിയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും രൂപതാമധ്യസ്ഥയായ വി. അൽഫോൻസയുടെയും പ്രാർത്ഥനകൾ ദൈവസന്നിധിയിൽ നമുക്ക് മാധ്യസ്ഥ മാകട്ടെ. നിങ്ങൾക്ക് ഏവർക്കും എല്ലാ ദൈവാനുഗ്രഹങ്ങളും നേർന്നുകൊണ്ട്,

സ്നേഹപൂർവം,

✠ **മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

REMIGIOSE INCHANANIYIL ★ BISHOP OF THAMARASSERY ★

---

*ഈ സർക്കുലർ 2025 സെപ്റ്റംബർ 28-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.*

Bishop's House, P .B. No. 1, Thamarassery P.O., Kozhikode - 673 573, Kerala, India
Phone : +91 495 2223376, Mob : +91 9400088376
Web: www.dioceseofthamarassery.org
Email : remigiusm@hotmail.com, diocesetmy09@gmail.com